(ബി) മഞ്ചേരി മെഡിക്കൽ കോളേജിന്റെ അക്കാഡമിക് കാര്യങ്ങളിലെ പുരോഗതി പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിന്റെ അക്കാഡമിക് ഭരണരംഗങ്ങളിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ ;

(ഡി) അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് പ്രസ്തുത മെഡിക്കൽ കോളേജിന് എന്തെല്ലാം ആവശ്യങ്ങളാണുള്ളത് ; വിശദമാക്കാമോ ;

(ഇ) അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. പുതുതായി ആരംഭിച്ച മഞ്ചേരി, ഇടുക്കി സർക്കാർ മെഡിക്കൽ കോളേജുകളിൽ ഇതിനോടകംതന്നെ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. എം.സി.ഐ. അധികാരികൾ മഞ്ചേരി മെഡിക്കൽ കോളേജിലെ അക്കാഡമിക് സൗകര്യങ്ങൾ വിലയിരുത്തി എം.ബി.ബി.എസ്-ന് 100 സീറ്റ് അഡ്മിഷൻ നടത്തുന്നതിനുള്ള അനുവാദം 2013-14 വർഷത്തിൽതന്നെ നൽകിയിരുന്നു.

(സി) ഉണ്ട്.

(ഡി&ഇ) അക്കാദമിക്ബ്ലോക്ക് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ്, പഠനോപകരണങ്ങൾ എന്നിവയാണ് ആദ്യഘട്ടത്തിൽ ആവശ്യമായി വരുന്നത്. ഈ ആവശ്യങ്ങൾ പൂർത്തീകരിച്ചുവരികയാണ്.

പുതിയ മെഡിക്കൽ കോളേജുകൾ

137 (802) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ ഏതെല്ലാമാണ് ; അവയുടെ ഓരോന്നിന്റെയും നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) സ്വകാര്യ പങ്കാളിത്തത്തോടെ ആരംഭിച്ചവ ഏതൊക്കെയാണ്; അവയോരോന്നിലും സർക്കാർ നടത്തിയ നിക്ഷേപം എത്ര കോടി വീതമാണ്;

(സി) പി.പി.പി. മോഡലിൽ ആരംഭിച്ച മെഡിക്കൽ കോളേജിന് സർക്കാർ വക സ്ഥലം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വ്യവസ്ഥയിലാണെന്ന് വിശദമാക്കാമോ ?

808/17

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ ചുവടെ പരാമർശിക്കുന്നവയാണ് :

1. ഗവൺമെന്റ് മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം 2012-ൽ ആരംഭിച്ചു. 100 എം.ബി.ബി.എസ്. അഡ്മിഷൻ 2013-ലും 2014-ലും നടന്നു.

2. ഗവൺമെന്റ് മെഡിക്കൽ കോളേജ്, ചെറുതോണി, ഇടുക്കി 50 എം.ബി.ബി.എസ്. പ്രവേശനത്തോടുകൂടി 2014-ൽ ആരംഭിച്ചു.

ഇവ കൂടാതെ കോന്നിയിലും കാസർഗോഡ് ജില്ലയിൽ ബദിയടുക്കയിലും തിരുവനന്തപുരം ജനറൽ ആശുപത്രിയിലും പുതിയ സർക്കാർ മെഡിക്കൽ കോളേജ് സ്ഥാപിക്കാൻ പ്രവർത്തനം നടന്നുവരുന്നു.

(ബി) സ്വകാര്യ പങ്കാളിത്തത്തോടുകൂടി മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടില്ല.

(സി) പി.പി.പി. മോഡലിൽ മെഡിക്കൽ കോളേജ് ആരംഭിച്ചിട്ടില്ല.

ഹരിപ്പാട് മെഡിക്കൽ കോളേജ്

138 (803) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട ഹരിപ്പാട് മെഡിക്കൽ കോളേജിന്റെ പബ്ലിക് പ്രൈവറ്റ് പാർട്ണർഷിപ്പിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(ബി) ഏത് ആക്ട് പ്രകാരം രൂപം കൊണ്ട സ്ഥാപനമാണ് പ്രസ്തുത മെഡിക്കൽ കോളേജ് ; ഈ സ്ഥാപനത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ഏത് വകുപ്പിനാണ്; ഈ സ്ഥാപനത്തിൽ സർക്കാരിന് എത്ര ശതമാനം ഷെയർ ഉണ്ടാകും; പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റിന് താൽപര്യമുള്ളവരിൽനിന്നും എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്; സ്ഥാപനത്തിന്റെ മൂലധനം എത്ര കോടിയാണ്; ഇതിനകം സർക്കാരും സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളും എടുത്ത ഷെയറുകൾ എത്ര കോടിയുടേതാണ്; വിശദമാക്കാമോ ;

(സി) സ്ഥാപനത്തിന്റെ ബൈലോയുടെ ഒരു പകർപ്പ് ലഭ്യമാക്കാമോ ;

(ഡി) ഹരിപ്പാട് മെഡിക്കൽ കോളേജിന് വേണ്ടി നൽകിയ ഭൂമിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?